

കൊച്ചി വൈറ്റില മൊബിലിറ്റി ഹബ്ബിൽ ആരംഭിച്ച ‘പാം ഡ്യൂ’ നീര സെന്റർ.

# ഒടുവിൽ, ‘നീര’ ജനങ്ങളിലെത്തി

കൊച്ചി ● എവിടെയായിരുന്നു ഇത്രയും നാൾ...? വൈറ്റില മൊബിലിറ്റി ഹബിൽ ആദ്യമായി നീര നുകർന്നവരുടെ പ്രതികരണം ഇങ്ങനെ. തേൻമധുരമുള്ള നീരയുടെ പേരിലുള്ള തെറ്റിദ്ധാരണകൾ നീക്കി എല്ലായിടത്തും ഇതു ലഭ്യമാക്കണം. യാത്രയുടെ ക്ഷീണമകറ്റാൻ രാസപദാർഥങ്ങൾ ചേർത്ത നിറമുള്ള പാനീയങ്ങൾ വാങ്ങി ഇനി ആരോഗ്യം നശിപ്പിക്കേണ്ടല്ലോ...! സ്ത്രീ പുരുഷ ഭേദമില്ലാതെ, നീര കുടിച്ച് ഉഷാറായവർ നീരയ്ക്കു വേണ്ടി വാദിക്കാൻ മുന്നോട്ടുവന്നു.

മൊബിലിറ്റി ഹബിലെ നാളികേര വികസന ബോർഡിന്റെ കിയോസ്കിലാണ് നീരയുടെ വില്പന ആരംഭിച്ചിരിക്കുന്നത്. ആദ്യവില്പന ജിസിഡിഎ ചെയർമാൻ എൻ.വേണുഗോപാൽ നിർവഹിച്ചു. നഗരത്തിലെ മറ്റു പ്രധാന കേന്ദ്രങ്ങളിൽ നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ വിവിധ ഉൽപാദക സംഘങ്ങളുമായി കൈകോർത്ത് ജിസിഡിഎ നീരയും മറ്റു നാളികേര മൂല്യ വർധിത ഉൽപന്നങ്ങളും വിൽക്കുന്ന സ്റ്റാളുകൾ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് നീര വിൽക്കുന്ന ആദ്യകേന്ദ്രമാണ് മൊബിലിറ്റി ഹബിലേത്. പാംഡ്യു എന്ന ബ്രാൻഡു നാമത്തിൽ പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയാണ് നീര വിപണിയിലെത്തിച്ചിരിക്കുന്നത്. കാസർകോടുള്ള സെൻട്രൽ പ്ളാന്റേഷൻ ക്രോപ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെയാണ് ഉൽപാദനം.

രാസവസ്തുക്കളുടെ കലർപ്പില്ലാത്ത പാംഡ്യു ശുദ്ധമായ ജൈവ പാനീയമാണെന്ന് നിർമാതാക്കൾ അവകാശപ്പെടുന്നു. റയിൽവേ സ്റ്റേഷനുകളിലും മറ്റും ആപ്പിൾ ജ്യൂസ് ലഭിക്കുന്നതരം റഫ്രിജറേറ്റഡ് ജ്യൂസ് ഡിസ്പെൻസർ ഉപയോഗിച്ചാണ് വില്പന. 200 മില്ലി ലീറ്ററിന് വില 25 രൂപ മാത്രം. ഗ്ളാസിലാണു വില്പന. കുപ്പിയിലായാൽ പുളിച്ചു കള്ളാകുമെന്നതിനാലാണിത്.

പാലക്കാട് മുതലമടയിൽ 1500 തെങ്ങുകളിൽ നീര ചെത്താനുള്ള ലൈസൻസ് കമ്പനിക്കുണ്ട്. അറുപതു കർഷകരും പത്തു ചെത്തുകാരും ഇവിടെ പ്രവർത്തിക്കുന്നു. പുതിയ ചെത്തുകാരെ പരിശീലിപ്പിക്കുന്നുമുണ്ട്.

കരിക്കിൻ വെള്ളം, ഷേയ്ക്ക്, കോക്കനട്ട് മിൽക്ക് പൗഡർ, പാം ഷുഗർ, വിർജിൻ കോക്കനട്ട് ഓയിൽ, മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, സ്കിൻ ഓയിൽ എന്നിവയും കിയോസ്കിൽ ലഭ്യമാണ്.